"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.ടൂർ-ബി2/368/2025-ടൂർ
വിനോദസഞ്ചാര(ബി) വകുപ്പ്
തിരുവനന്തപുരം
തിയതി: 10-09-2025

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- വിനോദസഞ്ചാരം- ഓണം വാരാഘോഷം 2025- 09.09.2025- ലെ മന്ത്രിസഭാ യോഗം- സർക്കാർ ഉത്തരവ്- സാധൂകരിച്ചത്- സംബന്ധിച്ച്

സൂചന:- *22.08.2025-ലെ സ.ഉ(കൈ) നം 17/2025/ടൂറിസം*

2025 ലെ ഓണം വാരാഘോഷത്തിന്റെ വിജയകരമായ നടത്തിപ്പിന് വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച നടപടി ,**09.09.2025 തീയതിയിലെ മന്ത്രിസഭാ യോഗം (ഇനം നം.3233)** സാധൂകരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.

ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

പൊതുഭരണ(എസ്.സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Archana T സെക്ഷൻ ഓഫീസർ.
Date: 10-09-2025 16:07:22

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - സംസ്ഥാനതല ഓണം വാരാഘോഷം 2025 - വൈദ്യുത ദീപാലങ്കാര സജ്ജീകരണത്തിന് അനുമതി നൽകിക്കൊണ്ടും നിർദ്ദിഷ്ട മേഖലകളെ ഉത്സവമേഖലയായി പ്രഖ്യാപിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(കൈ) നം.17/2025/TSM തീയതി,തിരുവനന്തപുരം, 22-08-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.306/2025/ടൂറിസം തീയതി 27-05-2025

2. സ.ഉ.(സാധാ) നം.472/2025/ടൂറിസം തീയതി 27.07.2025

3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 04.08.2025-ലെ DOT/940/2024-M2 (1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഓണം വാരാഘോഷപരിപാടികൾ 2025 സെപ്തംബർ 3 മുതൽ സെപ്റ്റംബർ 9 വരെ തലസ്ഥാനത്തും, ജില്ലാ ആസ്ഥാനങ്ങളിലുമായി സംഘടിപ്പിക്കുവാനും സെപ്റ്റംബർ 9 ന് തിരുവനന്തപുരത്ത് നടക്കുന്ന വർണ്ണപൊലിമയോടു കൂടിയ ഘോഷയാത്രയോടെ സമാപനം കുറിക്കുവാനും തീരുമാനിച്ചിരിക്കുന്നു. ആയതിനോടനുബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു :-

1. ഓണം വാരാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനതല ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രദേശത്തെ സെപ്തംബർ 3 മുതൽ സെപ്റ്റംബർ 9 വരെ വരെ ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നു.

2 . ഓണാഘോഷം **2025** ന്റെ ഭാഗമായി, കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രധാന റോഡിന്റെ ഇരുവശത്തുമുള്ള എല്ലാ വകുപ്പുകളുടെയും, പ്രധാന പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ തലവന്മാർക്ക് അവരവരുടെ കാര്യാലയങ്ങളിൽ , 2025 സെപ്തംബർ 3 മുതൽ സെപ്റ്റംബർ 9 വരെ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. ആയതിനായി തനത് ഫണ്ടിൽ നിന്നും പരമാവധി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു. എന്നാൽ വലിയ കെട്ടിടങ്ങൾക്കും,ചെറിയ കെട്ടിടങ്ങൾക്കും ഒരു പോലെ തുക വിനിയോഗിക്കുന്നത് യുക്തമല്ലാത്തതിനാൽ, സ്ഥാപനങ്ങൾ പരമാവധി ചെലവ് കുറച്ച് തുക വിനിയോഗിക്കേണ്ടതും, ഓരോ വകുപ്പിന്റെയും വൈദ്യുതാലങ്കാരം സംബന്ധിച്ച എസ്റ്റിമേറ്റ്

പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ് ഇലക്ട്രിക്കൽ) പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ അംഗീകാരം തേടേണ്ടതും, ഓരോ കെട്ടിടത്തിന്റെയും വലിപ്പം അനുസരിച്ച് ചെലവ് ബന്ധപ്പെട്ട പൊതുമരാമത്ത് ഉദ്യോഗസ്ഥൻ ക്രമപ്പെടുത്തേണ്ടതുമാണ്.

3. 2025 ഓണാഘോഷ പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് കവടിയാർ മുതൽ മണക്കാട് വരെയുള്ള റോഡിനിരുവശവുമുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹായ സഹകരണവും ഉറപ്പ വരുത്തി കൊണ്ട് അവരവരുടെ സ്ഥാപനങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

4. ഓണാഘോഷം 2025-ന്റെ ഭാഗമായി, ഓണാഘോഷ സമാപനഘോഷയാത്രയിൽ ഫ്ലോട്ടുകൾ അവതരിപ്പിക്കുന്നതിന് സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും, പൊതുമേഖലാസ്ഥാപനങ്ങളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സഹകരണസ്ഥാപനങ്ങളുടെയും,തലവന്മാർക്ക് സ്വന്തം ഫണ്ടിൽ നിന്നും പരമാവധി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിനും, കേരള സർക്കാരിന്റെ കഴിഞ്ഞ 4 വർഷ കാലയളവിൽ വിവിധ വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ/ വികസന പദ്ധതികൾ ഓരോ വകുപ്പും അവതരിപ്പിക്കുന്ന ഫ്ലോട്ടുകളുടെ തീം ആയി ഉപയോഗിക്കുന്നതിനു പ്രാധാന്യം നൽകേണ്ടതാണ്.

5. 2025 സെപ്തംബർ 3 മുതൽ സെപ്റ്റബർ 9 വരെയുള്ള ഉത്സവ കാലയളവിൽ നിർദ്ദിഷ്ട ഉത്സവമേഖലയിലെ പ്രധാന റോഡിനിരുവശങ്ങളിലുമുള്ള കെട്ടിടങ്ങൾ, തുറന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ചടങ്ങുകളോ/പരിപാടികളോ സംഘടിപ്പിക്കുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നോ വിനോദസഞ്ചാര വകുപ്പിൽ നിന്നോ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

6. ഓണാഘോഷ പരിപാടികൾ വിജയകരമായി നടത്തുന്നതിന് കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹായ സഹകരണവും ഉറപ്പാക്കുന്നതിനും ദീപാലങ്കാരം ഏർപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കാനും വേണ്ട നടപടികൾ വിനോദ സഞ്ചാര ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
ധനകാര്യ വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.
ചിഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക് ട്രിക്കൽ ./ ഇലക്ട്രോണിക്സ്വകുപ്പ്.

വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ, പാർക്ക് വ്യൂ, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും (വിനോദസഞ്ചാര ഡയറക്ടർ മുഖേന).
ജില്ലാ കളക്ടർ, തിരുവനന്തപുരം.
എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന).
എല്ലാ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന.)
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾക്കും (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, കേരള), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 22-08-2025 11:53:11
സെക്ഷൻ ഓഫീസർ

പകർപ്പ് :
1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2.ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3.ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്
4.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്.
5. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-09-2025

ഫയൽ നം. ടൂർ-ബി2/368/2025/ടൂർ. ഇനം നം: 3233

വിഷയം : വിനോദസഞ്ചാര വകുപ്പ് - 2025-ലെ ഓണം വാരാഘോഷത്തിന്റെ വിജയകരമായ നടത്തിപ്പിന് വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തി 22.08.2025 തീയതിയിലെ സ.ഉ.(കൈ)നം.17/2025/TSM ഉത്തരവ് പുറപ്പെടുവിച്ചത് സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ | : | ടൂർ–ബി2/368/2025–ടൂർ |
| 2. | വകുപ്പ് | : | വിനോദ സഞ്ചാര (ബി) വകുപ്പ് |
| 3. | വിഷയം | : | 2025 –ലെ ഓണം വാരാഘോഷത്തിന്റെ വിജയകരമായ നടത്തിപ്പിന് വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തി 22.08.2025 തീയതിയിലെ സ.ഉ.(കൈ)നം.17/2025/TSM ഉത്തരവ് പുറപ്പെടുവിച്ചത് സാധൂകരിക്കുന്നത്–സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയിതി | : | 21.08.2025 |
| 5. | (എ) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ<br><br>(ബി) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | :<br><br>: | (എ)അതെ<br><br>(ബി)ധനകാര്യ വകുപ്പ് മന്ത്രി ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ജഗദീശ് ഡി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിജു കെ. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.09.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.09.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02.09.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.09.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | 09.09.2025 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | : | 22.08.2025 തീയതിയിലെ സ.ഉ.(കൈ)നം.17/2025/TSM |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2025 ലെ ഓണം വാരാഘോഷത്തിന്റെ വിജയകരമായ നടത്തിപ്പിനായി 22.08.2025 തീയതിയിലെ സ.ഉ.(കൈ) നം.17/2025/TSM പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചാണ് കുറിപ്പ്.

2. ഓണാഘോഷം 2025 സംബന്ധിച്ച കാര്യപരിപാടികൾ ചർച്ച ചെയ്യുന്നതിലേക്കായി 19.07.2025 തീയതി രാവിലെ 11.30 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരെയും തലവന്മാരെയും ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയ യോഗതീരുമാനപ്രകാരം, കേരള സർക്കാരിന്റെ 2025 ലെ ഓണം വാരാഘോഷ പരിപാടികൾ സെപ്റ്റംബർ 3 മുതൽ 9 വരെ തലസ്ഥാനത്തും, ജില്ലാ ആസ്ഥാനങ്ങളിലുമായി നടത്തുന്നതിനും സെപ്റ്റംബർ 9 ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന വർണ്ണാഭമായ ഘോഷയാത്രയോടെ സമാപനം കുറിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

3. ഓണാഘോഷവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടായിരുന്നു.എന്നാൽ സമയപരിധി മൂലവും ഓണാഘോഷവുമായി ബന്ധപ്പെട്ട അനുമതികളും നിർദ്ദേശങ്ങളും എത്രയും പെട്ടെന്ന് പുറപ്പെടുവിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാലും പ്രസ്തുത ഉത്തരവ് മന്ത്രിസഭാ യോഗത്തിന്റെ അനുമതി കൂടാതെ പുറപ്പെടുവിക്കുകയുണ്ടായി. 2025 ലെ ഓണം വാരാഘോഷത്തിന്റെ വിജയകരമായ നടത്തിപ്പിനായി ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

I. ഓണം വാരാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനതല ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രദേശത്തെ **2025 സെപ്റ്റംബർ 3 മുതൽ 9 വരെ** ഉത്സവ മേഖലയായി പ്രഖ്യാപിക്കുക.

II. ഓണാഘോഷം 2025 ന്റെ ഭാഗമായി കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ

വരെയുള്ള പ്രധാന റോഡിന്റെ ഇരുവശത്തുമുള്ള എല്ലാ വകുപ്പുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങൾ /സ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെയും തലവന്മാർക്ക് അവരവരുടെ കാര്യാലയങ്ങളിൽ 2025 സെപ്റ്റംബർ 3 മുതൽ 9 വരെ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനുള്ള അനുമതിയും ആയതിനായി സ്വന്തം ഫണ്ടിൽ നിന്നും പരമാവധി **2 ലക്ഷം രൂപ** ചെലവാക്കുന്നതിനുള്ള അനുമതിയും നൽകുക.

III. വൈദ്യുതാലങ്കാരത്തിനായി അനുവദിക്കുന്ന തുക വലിയ കെട്ടിടങ്ങൾക്കും,ചെറിയ കെട്ടിടങ്ങൾക്കും ഒരുപോലെ വിനിയോഗിക്കുന്നത് യുക്തമല്ലാത്തതിനാൽ, സ്ഥാപനങ്ങൾ പരമാവധി ചെലവ് കുറച്ച് തുക വിനിയോഗിക്കേണ്ടതും,ഓരോ വകുപ്പിന്റെയും വൈദ്യുതാലങ്കാരം സംബന്ധിച്ച എസ്റ്റിമേറ്റിന് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ് / ഇലക്ട്രിക്കൽ) പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ അംഗീകാരം തേടേണ്ടതും ഓരോ കെട്ടിടത്തിന്റെയും വലിപ്പം അനുസരിച്ച് ചെലവ് ബന്ധപ്പെട്ട പൊതുമരാമത്ത് ഉദ്യോഗസസ്ഥൻ ക്രമപ്പെടുത്താൻ അനുമതി നൽകുക.

IV. 2025 ഓണാഘോഷ പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് കവടിയാർ മുതൽ മണക്കാട് വരെയുള്ള റോഡിനിരുവശവുമുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹായ സഹകരണവും ഉറപ്പു വരുത്തിക്കൊണ്ട് അവരവരുടെ സ്ഥാപനങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുക.

V. ഓണാഘോഷം 2025 ന്റെ ഭാഗമായി ഓണാഘോഷ സമാപന ഘോഷയാത്രയിൽ ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിന് സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയം ഭരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ

സ്ഥാപനങ്ങൾ എന്നിവയുടെയും തലവന്മാർക്ക് സ്വന്തം ഫണ്ടിൽ നിന്നും **പരമാവധി 5 ലക്ഷം രൂപ** മാത്രം ചെലവഴിക്കുന്നതിനും കേരള സർക്കാരിന്റെ കഴിഞ്ഞ 4 വർഷ കാലയളവിൽ വിവിധ വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ/വികസന പദ്ധതികൾ ഓരോ വകുപ്പും അവതരിപ്പിക്കുന്ന ഫ്ലോട്ടുകളുടെ തീം ആയി ഉപയോഗിക്കുന്നതിനുമുള്ള അനുമതി നൽകുക.

VI. 2025 സെപ്റ്റംബർ 3 മുതൽ 9 വരെയുള്ള ഉത്സവ കാലയളവിൽ നിർദ്ദിഷ്ട ഉത്സവമേഖലയിൽ പ്രധാന റോഡിനിരുവശത്തുമുള്ള കെട്ടിടങ്ങൾ / തുറന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ചടങ്ങുകളോ / പരിപാടികളോ സംഘടിപ്പിക്കുന്നതിന് ടൂറിസം വകുപ്പിൽ നിന്നോ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നോ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന വ്യവസ്ഥ ഏർപ്പെടുത്തുക.

VII. ഓണാഘോഷ പരിപാടികൾ വിജയകരമായി നടത്തുന്നതിന് കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹായ സഹകരണവും ഉറപ്പാക്കുന്നതിനും ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകുക.

4. ഈ വിഷയത്തിൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"*2023 ലെ ഓണാഘോഷത്തിന് ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിന് 4 ലക്ഷം രൂപയ്ക്കാണ് അനുമതി നൽകിയിരുന്നത് . ഇപ്പോൾ 5 ലക്ഷം രൂപയാണ് ആവശ്യപ്പെടുന്നത് . രണ്ട് വർഷം കൊണ്ടുള്ള നിരക്കുവർധനകൾ കണക്കിലെടുത്ത് ടി തുകയ്ക്ക് അനുമതി നൽകാവുന്നതാണ് . ഇതര ഇനങ്ങൾക്കെല്ലാം 2023 ൽ അനുമതി നൽകിയ അതേ നിരക്കാണ് ശുപാർശ ചെയ്തിട്ടുള്ളത് . ആയതിനാൽ ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കാവുന്നതാണ്.*"

5.മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ്

പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി ഫയൽ അംഗീകാരത്തിനായി ചംക്രമണം ചെയ്തപ്പോൾ ഓണം വരാഘോഷം 2025 ന്റെ വിജയകരമായ നടത്തിപ്പിനും വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനും, വിവിധ മേഖലകളെ ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ച ശേഷം മന്ത്രിസഭായോഗത്തിന്റെ സാധൂകരണം തേടുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

6.ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓണാഘോഷം 2025 ന്റെ വിജയകരമായ നടത്തിപ്പിനായി, മാർഗ്ഗ നിർദ്ദേശങ്ങളും ഭരണാനുമതിയും നൽകിക്കൊണ്ട് 22.08.2025 തീയതിയിലെ സ.ഉ.(കൈ) നം.17/2025/TSM പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഓണാഘോഷം 2025 ന്റെ വിജയകരമായ നടത്തിപ്പിനായി, നിർദ്ദേശങ്ങളും ഭരണാനുമതിയും നൽകിക്കൊണ്ട് **22.08.2025 തീയതിയിലെ സ.ഉ.(കൈ) നം.17/2025/TSM ഉത്തരവ്** (അനുബന്ധം) പുറപ്പെടുവിച്ച നടപടി സാധൂകരിക്കാമോ?

**GOVERNMENT OF KERALA**

(Shri. Pinarayi Vijayan Ministry)

Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | Tour-B2/368/2025/Tour |
| 2. | Department | : | Tourism (B) Department |
| 3. | Subject | : | Ratification of the action in having issued administrative santion vide G.O.(Ms)No.17/2025/TSM dated 22.08.2025 by including various conditions for the successful conduct of Onam Celebration 2025. |
| 4. | Date of Chief Minister's order for placing before the Council | | 21.08.2025 |
| 5. | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br>: | (i)Yes<br>(ii)Finance Minister has noted in the file |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. Jagadees D. |
| 8. | Name of Secretary who approved the Draft Note | : | Sri. Biju K. |
| 9. | Date of approval of the Draft Note for the Council by the Secretary | : | 01.09.2025 |
| 10. | Name of the Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 11. | Date of Approval of the Draft Note for the Council by the Chief Secretary | : | 02.09.2025 |
| 12. | Name of Minister who approved the Draft Note | : | Sri. P. A. Mohamed Riyas |
| 13 | Date of approval of the Draft Note for the Council by the Minister | : | 02.09.2025 |
| 14. | Date of submission of fair copies | : | 03.09.2025 |
| 15. | Date of the decision by the Council of Ministers | : | 09.09.2025 |
| 16. | Number and date of the G.O/letter communicating the decision | : | G.O.(Ms)No.17/2025/TSM dated 22.08.2025 |

## NOTE FOR THE COUNCIL OF MINISTERS

This note deals with ratifying the action of Tourism Department in having issued Administrative sanction as per G.O(Ms)No.17/2025/TSM dated 22.08.2025 for the successful conduct of Onam celebration -2025.

2.As per the decision taken in the meeting held on 19.07.2025 at 11:30 a.m. under the chairmanship of the Hon'ble Chief Minister, with the participation of the concerned ministers and heads of departments to discuss the programmes related to Onam Celebrations 2025, it has been decided that the Kerala Government's Onam Celebrations 2025 will be conducted from 3rd to 9th September in the state capital as well as in district headquarters, culminating with a colorful grand procession to be organized in Thiruvananthapuram on 9th September.

3. The guidelines related to the Onam celebrations were required to be issued with the approval of the Cabinet meeting. However, due to time constraints and the necessity to issue the permissions and instructions related to the Onam celebrations at the earliest, the said order had to be issued without obtaining the Cabinet's approval. The order has been issued by incorporating the guidelines given below for the successful conduct of the Onam Week Celebrations 2025.

I. As part of the statewide Onam celebrations, the area from Kowdiyar to Manakkad Junction in Thiruvananthapuram be declared as Festival Zone from September 3 to 9, 2025.

II. Sanction be accorded to all HODs of various Government offices/PSUs/LSGIs/autonomous bodies/Co-operative Institutions

situated on both sides of the main road to make necessary arrangement for illuminating their respective offices and premises from 3rd September 2025 to 9th September 2025 and for this purpose,sanction be accorded to expend a maximum amount of Rs.2 Lakhs from their own funds for illuminating their respective offices.

III. Since it is not appropriate to use the amount allocated for illumination equally for large buildings and small buildings, institutions shall utilise the amount minimising the expenditure as far as possible. The estimate related to illumination prepared by each department shall be approved by an officer not below the rank of Assistant Engineer( Electronics/Electrical ) of the Public Works Department, and the cost shall be adjusted by the Public Works Department officer concerned according to the size of each building concerned.

IV. For the successful conduct of Onam Celebrations,the Director of Tourism be entrusted for ensuring the participation and cooperation of all private institutions situated on both sides of the main road from Kowdiar to Manacaud, to illuminate their buildings and premises.

V. Sanction be accorded to all HODs of various Government offices/PSUs/LSGIs/autonomous bodies and cooperative institutions to utilise upto a maximum of **Rs.5 Lakhs** from their own funds for presenting their floats in the Onam pageantry marking the closing ceremony of Onam Celebrations 2025 and to use the achievement/developments achieved by various Departments in the last 4 years of the Kerala Government as the theme for the floats presented by each department.

VI. It shall be specified that prior sanction shall be obtained from Thiruvananthapuram Muncipal Corporation/Tourism Department in organising any function/programmes in the buildings/open spaces situated in the main roads falling in the prescribed Festival Zone during 2025 September 3 to September 9.

VII. The Director of Tourism be requested to enlist the participation and cooperation of the Central Government Institutions in illuminating their buildings situated on both sides of the road from Kowdiar to Manacaud junction and in the successful conduct of various programmes associated with Onam Celebrations.

4.The Hon'ble Minister for Finance had expressed the following views on this matter,

*“2023 ലെ ഓണാഘോഷത്തിന് ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നതിന് 4 ലക്ഷം രൂപയ്ക്കാണ് അനുമതി നൽകിയിരുന്നത് . ഇപ്പോൾ 5 ലക്ഷം രൂപയാണ് ആവശ്യപ്പെടുന്നത് . രണ്ട് വർഷം കൊണ്ടുള്ള നിരക്കുവർധനകൾ കണക്കിലെടുത്ത് ടി തുകയ്ക്ക് അനുമതി നൽകാവുന്നതാണ് . ഇതര ഇനങ്ങൾക്കെല്ലാം 2023 ൽ അനുമതി നൽകിയ അതേ നിരക്കാണ് ശുപാർശ ചെയ്തിട്ടുള്ളത് . ആയതിനാൽ ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കാവുന്നതാണ്.”*

5. On circulating the file for approval prior to issuing the government order incorporating the above guidelines, the Hon’ble Chief Minister directed that, for the successful conduct of the Onam Celebrations 2025, arrangements for illuminations, and the declaration of various areas as festival zones, the government order may be issued first, and the ratification of the Cabinet may be sought thereafter.

6. Based on the orders of the Hon'ble Chief Minister Administrative Sanction was issued for illumination arrangements and for declaring specific areas as Festival Zones for the proper conduct of

Onam Celebrations -2025 as per G.O(Ms)No.17/2025/TSM dated 22.08.2025.

## POINT FOR DECISION

Whether the action in having issued Administrative Sanction as per **G.O(Ms)No.17/2025/TSM dated 22.08.2025** (Annexure) for the successful conduct of Onam celebration -2025 may be ratified.